**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4727** **19-03-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളത്തിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീട്ടുകളിലെത്തി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ? | (എ) | ജനകീയ പങ്കാളിത്തത്തോടെ ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീട്ടുകളിലെത്തി പരിശോധിക്കുന്ന സംവിധാനം നിലവിൽ വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല.<br><br>എന്നാൽ ജല ജീവൻ മിഷന്റെ ഭാഗമായി ജലനിധിയും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളുടെയും ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു. പഞ്ചായത്ത് തലത്തിൽ വോളന്റിയർമാരെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.<br><br>വെള്ളത്തിന്റെ ഗുണനിലവാരം വീട്ടുകളിലെത്തി പരിശോധിക്കുന്ന സംവിധാനം ആവശ്യകത യനുസരിച്ച് ഭാവിയിൽ ഏർപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ